ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ പദ്ധതി

35 [5876] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മത്തായി ചാക്കോ:
,, പിരപ്പൻകോട് മുരളി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പദ്ധതികൾ വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ദേശീയ ചേരി വികസന പരിപാടിയിൽ ഉൾപ്പെടുത്തി പാർപ്പിട നിർമ്മാണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) വാത്മീകി-അംബേദ്കർ ആവാസ് യോജന പ്രകാരമുള്ള പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്ന് പറയാമോ;

(ഇ) ഈ പദ്ധതിപ്രകാരം 2001-02, 2002-03 എന്നീ വർഷങ്ങളിൽ എന്തു തുക വീതം കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്; ഇതിൽ എന്തു തുക വീതം ചെലവഴിച്ചു?

ഉത്തരം

(എ, ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ വാത്മീകി-അംബേദ്കർ ആവാസ് യോജന (വാംബേ), ദേശീയ ചേരി വികസന പദ്ധതി (എൻ. എസ്. ഡി. പി.) എന്നിവയാണ് പദ്ധതികൾ.

(സി) ഉണ്ട്. ദേശീയ ചേരി വികസന പദ്ധതിക്ക് അനുവദിക്കുന്ന ഫണ്ടിന്റെ 30%ത്തിൽ കുറയാത്ത തുക പുതിയ വീടുകൾ നിർമ്മിക്കുന്നതിനും, വീടുകളുടെ അറ്റ കുറ്റപണികൾക്കുമായി മാറ്റിവച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഒരു വീടിന്റെ നിർമ്മാണ ചെലവ് 26,500 രൂപയാണ്. ഇതിൽ 5,000 രൂപ എൻ. എസ്. ഡി. പി. ഫണ്ടിൽ നിന്നും സബ്സിഡി അനുവദിക്കുന്നു.

(ഡി) ഈ പദ്ധതി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

(ഇ) ഈ പദ്ധതി പ്രകാരം 2001-02-ൽ 226 ലക്ഷം രൂപയും 2002-03-ൽ 2305.65 ലക്ഷം രൂപയും കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വിവിധ നഗരസഭകൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly